**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1060** **09-10-2024 - ൽ മറുപടിയ്ക്ക്**

**ജപ്പാൻ കുടിവെള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ദെലീമ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | അരൂർ മണ്ഡലത്തിൽ ജപ്പാൻ കുടിവെള്ള പദ്ധതി പ്രദേശത്ത് പദ്ധതി നടത്തിപ്പിനായി ആവശ്യത്തിന് ജീവനക്കാർ ഇല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിൽ ഹെഡ് വർക്ക്സ് സെക്ഷൻ തൈക്കാട്ടുശ്ശേരി എന്ന ഓഫീസിൽ ഒരു അസിസ്റ്റന്റ് എഞ്ചിനീയറുടെ ഒഴിവുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയറുടെ പി.എസ്.സി ലിസ്റ്റ് നിലവിലുള്ളതിനാൽ പി.എസ്.സി അഡ്വൈസ് വരുന്ന മുറിക്ക് തന്നെ ഈ ഒഴിവ് നികത്താനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. മറ്റ് ഫീൽഡ് ഓഫീസ് സ്റ്റാഫുകളുടെ ഒഴിവുകളെല്ലാം നിലവിൽ നികത്തിയിട്ടുണ്ട്. |
| (ബി) | ദേശീയപാത നിർമ്മാണം നടക്കുന്ന മേഖലകളിലും മറ്റും നിരന്തരം പൈപ്പുകൾ പൊട്ടുകയും അത് മൂലം ജനങ്ങൾക്ക് ആഴ്ചകളോളം കുടിവെള്ളം കിട്ടാതിരിക്കുകയും ചെയ്യുന്ന അവസ്ഥയിൽ പദ്ധതി നടത്തിപ്പിന് നിലവിലുണ്ടായിരുന്ന ജീവനക്കാരുടെ എണ്ണം കുറച്ചതിന്റെ കാരണം വിശദമാക്കാമോ? | (ബി) | ഹെഡ് വർക്ക്സ് സെക്ഷൻ തൈക്കാട്ടുശ്ശേരി പ്ലാന്റ് ഓഫീസിൽ രണ്ട് ഓവർസിയർ തസ്തിക ഉണ്ടായിരുന്നതിൽ നിന്നും ഒരു ഓവർസിയർ തസ്തിക ഷിഫ്റ്റ് ചെയ്ത്, കരുവേലിപ്പടി നമ്പർ 2 ഓഫീസിലേക്ക് അവിടത്തെ ജീവനക്കാരുടെ അഭാവം മൂലം നൽകിയിരുന്നു. എന്നാൽ നിലവിലുള്ള ഒരു ഓവർസീയർ തസ്തികയിൽ ജീവനക്കാരൻ ഉണ്ട്. കൂടാതെ ജില്ലയുടെ ജലവിതരണ മേഖല കൈകാര്യം ചെയ്യുന്ന ചേർത്തല സബ് ഡിവിഷനു കീഴിൽ നിലവിൽ ഫീൽഡ് സ്റ്റാഫുകളുടെ തസ്തികകൾ ഒന്നുംതന്നെ ഒഴിഞ്ഞു കിടപ്പില്ല. |

സെക്ഷൻ ഓഫീസർ